**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 459** **23-07-2021 - ൽ മറുപടിയ്ക്ക്**

**വന്യജീവി ശല്യംമൂലം കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. A. K. Saseendran (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനഭൂമിയോട് ചേർന്നുള്ള സ്വകാര്യ ഭൂമിയിലെ കൃഷികൾക്ക് വന്യജീവി ശല്യം മൂലം നാശനഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം വന്യജീവി ശല്യം തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ചില ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം / താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. തിരഞ്ഞെടുത്ത വനാതിർത്തി കളിൽ സൌരോർജ്ജ വേലികളും, ആന പ്രതിരോധ മതിലുകളും, കിടങ്ങുകളും, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിച്ച് പരിപാലിച്ച് വരുന്നുണ്ട്. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളി ലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും, അകലെയുള്ള വനമേഖല യിലേയ്ക്ക് പുനരധിവസിപ്പി ക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ വനാതിർത്തി പങ്കിടുന്ന |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുണ്ട്. വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത സസ്യങ്ങളുടെയും, കളകളുടെയും നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെയും, ചെക്ക് ഡാമുകളുടെയും നിർമ്മാണവും പുനരുദ്ധാരണവും നടത്തി വരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18.05.2020-ലെ സ.ഉ. (സാധാ) നം. 111/2020/വനം, സ.ഉ. (സാധാ) നം.5/2021/വനം തീയതി 11. 01.2021 എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ കാലാവധി സ.ഉ. (സാധാ) നം.159/2021/വനം തീയതി 29.05.2021 പ്രകാരം 17.05.2022 വരെ ദീർഘിപ്പിച്ചിടട്ടുണ്ട്. വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08.01.2015-ലെ സ.ഉ. (കൈ)നം. 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യജീവി ആക്രമണം മൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 05.04.2018-ലെ സ.ഉ.(കൈ ) നം.17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകി വരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെൻറുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് 2016-21 കാലയളവിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ? | (സി) | നൽകിയിട്ടുണ്ട്. 2016-21 കാലയള വിൽ നൽകിയ നഷ്ടപരിഹാര തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ജില്ല | നഷ്ടപരിഹാര തുക (ലക്ഷത്തിൽ ) |
|---|---|
| തിരുവനന്തപുരം | 25.76 |
| കൊല്ലം | 51.86 |
| പത്തനംതിട്ട | 159.55 |
| ആലപ്പുഴ | 0.59 |
| തൃശ്ശൂർ | 69.42 |
| എറണാകുളം | 84.48 |
| കോട്ടയം | 13.29 |
| ഇടുക്കി | 126.86 |
| പാലക്കാട് | 487.74 |
| മലപ്പുറം | 299.76 |
| കണ്ണൂർ | 138.11 |
| കോഴിക്കോട് | 167.28 |
| വയനാട് | 1391.65 |
| കാസർഗോഡ് | 70.74 |
| ആകെ | 3087.09 |